# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 484

10.06.2014-ൽ മറുപടിക്ക്

### ഗൃഹശ്രീ ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. പി. മുഹമ്മദ്:<br>,, എ. റ്റി. ജോർജ്ജ്:<br>,, സണ്ണി ജോസഫ്:<br>,, ജോസഫ് വാഴക്കൻ: | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വരുമാനക്കാരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയിൽ അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം നടത്താൻ ആരെയാണ് ഏൽപിക്കുന്നത്; | (എ) | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വരുമാനക്കാരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയിൽ അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം നടത്താൻ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ഗുണഭോക്താവ് തന്നെയാണ് വീടുകളുടെ നിർമ്മാണം നടത്തുന്നത്. |
| ബി) | തിരിച്ചടവ് ഇല്ലാത്ത ഈ പദ്ധതിയിൽ ഏതെല്ലാം സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്; | (ബി) | 31.05.2014 വരെ 477 സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്. |
| (സി) | ഇതിൽ സർക്കാർ സബ്സിഡി എത്രയാണ്; | (സി) | 2 ലക്ഷം രൂപയാണ് ഗൃഹശ്രീ ഭവന പദ്ധതിയിൽ സർക്കാർ സബ്സിഡിയായി നൽകുന്നത്. |
| (ഡി) | ഈ പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ എത്ര വർഷത്തേക്കാണ് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത്? | (ഡി) | ഈ പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ 15 വർഷത്തേക്കാണ് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ